"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഫറോക്ക് നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് ട്രാപ് കേസ് നം.VC 02/2025/KKD - കുറ്റാരോപിതനായ ക്ലീൻ സിറ്റി മാനേജർ ആയിരുന്ന ശ്രീ.രാജിവ്.ഇ.കെ-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1196/2026/LSGD തീയതി,തിരുവനന്തപുരം, 28-06-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.04.2025 തീയതിയിലെ C5 (VC 2/2025/KKD) 14746/2025/DVACB നമ്പർ കത്ത്.
2. ക്ലീൻ സിറ്റി മാനേജർ ആയിരുന്ന ശ്രീ.രാജിവ്.ഇ.കെ-യ്ക്ക് നൽകിയ 07.07.2025 തീയതിയിലെ ഇയു4/93/2025-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. ശ്രീ.രാജിവ്.ഇ.കെ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.01.2026, 25.04.2026 തീയതിയിലെ LSGD/PD/9766/2025-VIGD6 നമ്പർ കത്ത്.

**ഉത്തരവ്**

ഫറോക്ക് നഗരസഭയിലെ ക്ലീൻ സിറ്റി മാനേജർ ശ്രീ.രാജിവ്.ഇ.കെ-യ്ക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC 02/2025/KKD നമ്പർ ട്രാപ് കേസ് രജിസ്റ്റർ ചെയ്യുകയും പരാതിക്കാരനിൽ നിന്നും 20.03.2025 തീയതിയിൽ 2000/- രൂപ കൈക്കൂലി കൈപ്പറ്റിയ വേളയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടിയാനെ പിടികൂടുകയും അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.03.2025 തീയതിയിലെ LSGD/PD/9766/2025-VIGD6 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ 20.03.2025 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും നിലവിൽ സസ്പെൻഷനിൽ തുടരുകയുമാണ്.

2.മേൽ വിഷയത്തിൽ ശ്രീ.രാജിവ്.ഇ.കെ-യ്ക്കതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയച്ച് കൊടുക്കുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോ ടിയാൻ കൈപ്പറ്റുകയും കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രിൻസിപ്പൽ

ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം അഡീഷണൽ ഡയറക്ടർ 06/03/2025 തീയതിയിൽ ടിയാനെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു.

3.ശ്രീ.രാജിവ്.ഇ.കെ സമർപ്പിച്ച മറുപടിയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ചതിൽ ടിയാന്റെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകുണ്ടേതും KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുമുണ്ടെന്ന് കാണുന്നു.

4. ആയതിനാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നം. VC 02/2025/KKD -ൽ അറസ്റ്റിലായി നിലവിൽ സസ്പെൻഷനിൽ തുടരുന്ന ഫറോക്ക് നഗരസഭയിലെ ക്ലീൻ സിറ്റി മാനേജർ ശ്രീ.രാജിവ്.ഇ.കെ-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ. ഗണേഷ്. എ -യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

5.അന്വേഷണ ഉദ്യോഗസ്ഥൻ 30 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ഗണേഷ്. എ, ഇന്റേണൽ വിജിലൻസ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ശ്രീ.രാജിവ്.ഇ.കെ, മുൻ ക്ലീൻ സിറ്റി മാനേജർ, ഫറോക്ക് നഗരസഭ(നിലവിൽ സസ്പെൻഷനിൽ)( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/93/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 29-06-2026 11:34:14
സെക്ഷൻ ഓഫീസർ